പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3823 — 11.11.2019-ൽ മറുപടിയ്ക്ക്

## അച്ചടി വകുപ്പിലെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ. അനിൽ അക്കര<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | അച്ചടി വകുപ്പിൽ രാജേന്ദ്രകുമാർ അനയത്ത് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള പുനരുദ്ധാരണ പദ്ധതി പ്രവർത്തനങ്ങൾ നിർവ്വഹിക്കാനായിട്ടാണോ സ്പെഷ്യൽ പർപ്പസ് വെഹിക്കിളിനെ നിയമിച്ചിട്ടുള്ളത്; | (എ) | അതെ. |
| (ബി) | സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി വാപ്കോസ് എന്ന സ്ഥാപനത്തെ കണ്ടെത്തിയിട്ടുള്ളത് കോമ്പറ്റേറ്റീവ് ബിഡ്ഡിംഗ് പ്രോസ്സസ്സിലൂടെയാണോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങൾ ബിഡ്ഡിംഗ് പ്രോസസ്സിൽ പങ്കെടുത്തു; വിശദാംശം നൽകുമോ; | (ബി) ഉം (സി) ഉം | Expression of interest ലൂടെയാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിളിനെ കണ്ടെത്തിയത്. ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നുമാണ് Expression of interest ആവശ്യപ്പെട്ടതെങ്കിലും M/s WAPCOS മാത്രമാണ് പ്രതികരിച്ചത്.<br>1. KITCO<br>2. KSEB<br>3. INKEL<br>4. BSNL<br>5. KSCC Ltd.<br>6. Uralungal Labour Contract Co-operative Soceity Ltd.<br>7. Kerala State House Board (KSHB)<br>8. Kerala State Nirmiti Kendra (KESNIK)<br>9. Kerala State Coastal Area Development Corporation |
| (സി) | ബിഡ്ഡിംഗ് പ്രോസസ്സിലൂടെയല്ലെങ്കിൽ വാപ്കോസ് എന്ന സ്ഥാപനത്തെ കണ്ടെത്തിയത് ഏത് മാനദണ്ഡത്തിലൂടെയാണ്; | | |

| | | | |
|---|---|---|---|
| | | | 10. Kerala Police Housing and Construction Corporation<br>11. Kerala Electrical and Allied Engineering Ltd.<br>12. HLL Infra Tech Services Ltd.<br>13. WAPCOS |
| (ഡി) | വാപ്കോസ് എന്ന സ്ഥാപനത്തിന് അച്ചടി രംഗത്ത് പദ്ധതി നിർവ്വഹണ മേഖലയിലെ പ്രാവീണ്യം എന്താണ്; വാപ്കോസിന് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തൊക്കെ ചുമതല കളാണ് നൽകിയിരിക്കുന്നത്; പദ്ധതി നിർവ്വഹണത്തിനായി വാപ്കോസിന് സെൻഡേജ് ചാർജായി എന്ത് തുകയാണ് നൽകുന്നത്; ഇത് നിശ്ചയി ക്കുന്നത് എപ്രകാരമാണ്; | (ഡി) | KIIFB മുഖാന്തിരം വകയിരുത്തിയിട്ടുള്ള 100 കോടി രൂപ സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി ശുപാർശ ചെയ്ത പദ്ധതി പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കൽ, ടി പദ്ധതി നിർവ്വഹണത്തിനുമായിട്ടാണ് M/s WAPCOS നെ 07/03/2019 ലെ സ.ഉ.(സാധാ)371/19/ഉ.വിവ. നമ്പർ ഉത്തരവ് പ്രകാരം നിയമിച്ചിട്ടുള്ളത്.<br>പദ്ധതിയുടെ 3.75% ആണ് M/s WAPCOS സെന്റേജ് ചാർജ്ജായി ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ അത് അംഗീകരിച്ചിട്ടില്ല. ഒരു സമഗ്ര പദ്ധതി മാനേജ് ചെയ്യാനുള്ള പരിചയം പരിഗണിച്ചാണ് WAPCOS എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തെ ചുമതലപ്പെടുത്തി യിട്ടുള്ളത്. |
| (ഇ) | അച്ചടി വകുപ്പിന്റെ ആധുനികവത്ക്കരണ ത്തിനായുള്ള ഡി.പി.ആർ. തയ്യാറാ ക്കുന്നത് ആരാണ്; ഇതിന്റെ നിലവിലെ സ്ഥിതിയെന്താണ്; വ്യക്തമാക്കുമോ? | (ഇ) | M/s WAPCOS നെ ആണ് ഡി.പി.ആർ തയ്യാറാക്കുന്നതിനു ചുമതലപ്പെടുത്തിയിട്ടു ള്ളത്. ആയത് സംബന്ധിച്ചുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ